ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:08.10.2025**

## പ്രധാനവാർത്തകൾ

1. ആഗോള ഡാറ്റാ ഹബ് ആകാനുള്ള ശേഷി ഇന്ത്യയ്ക്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ഇന്ത്യ മൊബൈൽ കോൺഗ്രസ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.
2. ശബരിമല സ്വർണ്ണപ്പാളി വിഷയത്തിൽ നിയമസഭയിൽ ഇന്നും പ്രതിഷേധം; കുറ്റക്കാരെ രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി; ദേവസ്വം മന്ത്രി രാജി വയ്ക്കണമെന്ന് പ്രതിപക്ഷ നേതാവ്.
3. വികസിത രാഷ്ട്രമാവുക എന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തിന് വേഗം പകരുന്നതാണ് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന നൈപുണ്യ പരിശീലന പദ്ധതികളെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.
4. സംസ്ഥാന വ്യവസായവകുപ്പ് സംഘടിപ്പിക്കുന്ന ബയോ കണക്റ്റ് കോൺക്ലേവ് മൂന്നാം പതിപ്പിന് നാളെ കോവളത്ത് തുടക്കമാകും.
5. തമിഴ്നാട്ടിലെയും ഗുജറാത്തിലെയും രണ്ട് കമ്പനികളുടെ മരുന്നുവിൽപ്പന സംസ്ഥാനത്ത് നിർത്തിവച്ചതായി മന്ത്രി വീണാ ജോർജ്.
6. ഐസിസി വനിതാ ഏകദിന ലോകകപ്പിൽ ഓസ്ട്രേലിയ ഇന്ന് പാകിസ്ഥാനെ നേരിടും; മത്സരം ഉച്ച കഴിഞ്ഞ് മൂന്നു മണിക്ക് കൊളംബോയിൽ.

&&&&&&&&&&&&&&&

RNU TVPM

## പി.എം - ഐഎംസി (ഇൻട്രോ)

ഏഷ്യയിലെ ഏറ്റവും വലിയ ടെലികോം, മീഡിയ, ടെക്നോളജി പരിപാടിയായ ഇന്ത്യ മൊബൈൽ കോൺഗ്രസിൻറെ ഒമ്പതാം പതിപ്പ് ന്യൂഡൽഹിയിലെ യശോഭൂമിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ടെലികോം മേഖലയിലെ രാജ്യത്തിന്റെ വിജയം ആത്മനിർഭർ ഭാരത് ദർശനത്തിൻറെ ശക്തി പ്രതിഫലിപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു. ആഗോള ഡാറ്റാ ഹബ് ആകാനുള്ള ശേഷി ഇന്ത്യയ്ക്കുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. രാജ്യത്ത് മിക്കവാറും എല്ലാ ജില്ലകളിലും 5G ലഭ്യമാണെന്നും അദ്ദേഹം അറിയിച്ചു. ... (വോയ്സ്..........)

&&&&&&&&&&&&&&&

## വ്യോമ സേനാ ദിനം

ഇന്ന് വ്യോമസേനാ ദിനം. ദിനത്തിൽ സേനാംഗങ്ങൾക്കും കുടുംബങ്ങൾക്കും ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സൈന്യത്തിൻറെ  പ്രതിബദ്ധത, പ്രൊഫഷണലിസം, അജയ്യമായ ധൈര്യം എന്നിവ പ്രശംസനീയമാണെന്നും ഇത് എല്ലാ ഇന്ത്യക്കാർക്കും അഭിമാനമാണെന്നും പ്രധാനമന്ത്രി സമൂഹ്യമാധ്യമത്തിൽ കുറിച്ചു.

RNU TVPM

&&&&&&&&&&&&&&&

## നിയമസഭ (ഇൻട്രോ)

ശബരിമല സ്വർണപ്പാളി വിവാദത്തിൽ തുടർച്ചയായ മൂന്നാം ദിവസവും നിയമസഭയിൽ പ്രതിപക്ഷ ബഹളം. പ്രതിപക്ഷം സഭ ബഹിഷ്ക്കരിച്ചു.

**കൂടുതൽ വിവരങ്ങളുമായി നിയമസഭയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...... (വോയ്സ്)**

&&&&&&&&&&&&&&&

## മുഖ്യമന്ത്രി (ഇൻട്രോ)

ശബരിമല പ്രശ്നത്തിൽ ഗൗരവമായ പരിശോധനയും അന്വേഷണവും വേണമെന്നതാണ് സർക്കാർ നിലപാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വ്യക്തമാക്കി. (ഹോൾഡ് സിഎം വോയ്സ്.........)

&&&&&&&&&&&&&&&

<u>വി.ഡി സതീശൻ (ഇൻട്രോ)</u>

സ്വർണപാളി വിവാദത്തിൽ ദേവസ്വം മന്ത്രി രാജിവെക്കണമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ ആവർത്തിച്ചു.
(ഹോൾഡ് വോയിസ് )

&&&&&&&&&&&&&&&

<u>രാജീവ് ചന്ദ്രശേഖർ</u>

ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിലേക്ക് ബിജെപി പ്രതിഷേധ മാർച്ച് നടത്തി. മാർച്ച് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്തു. നാളെ വിവിധ ജില്ലാ കേന്ദ്രങ്ങളിലേക്കും പ്രതിഷേധ മാർച്ച് സംഘടിപ്പിക്കും.

&&&&&&&&&&&&&&&

<u>മുഖ്യമന്ത്രി- ശ്രദ്ധക്ഷണിക്കൽ</u>

കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോ പാർക്ക് വഴി, സ്മാർട്ട് സിറ്റി വരെ 11.2 കിലോമീറ്റർ ദൈർഘ്യമുള്ള രണ്ടാം ഘട്ട നിർമ്മാണം പുരോഗമിച്ചുവരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. മറ്റു സ്ഥലങ്ങളിലേക്ക് മെട്രോ ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ലെന്നും മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചു. തിരുവനന്തപുരം, കോഴിക്കോട് മെട്രോ റെയിൽ പദ്ധതിയുടെ നിർവ്വഹണത്തിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പി.വി. ശ്രീനിജൻറെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

<u>റിയാസ് നിയമസഭ (ഇൻട്രോ)</u>

സംസ്ഥാനത്തെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ഇടപെടൽ നടത്തുന്നതായി മന്ത്രി പി എ മുഹമ്മദ് റിയാസ് നിയമസഭയിൽ അറിയിച്ചു. 70 റെയിൽവേ മേൽപ്പാലങ്ങളുടെ

RNU TVPM

നിർമ്മാണത്തിനായി 2403.42 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി ചോദ്യോത്തര വേളയിൽ പറഞ്ഞു. (വോയ്സ്............)

&&&&&&&&&&&&&&&

## ജോർജ് കുര്യൻ

പി.എം വികാസ് യോജനയ്ക്ക് കീഴിൽ പാലക്കാട് ഐ.ഐ.ടി യ്ക്ക് അനുവദിച്ച പദ്ധതികളുടെ ധാരണാപത്രം ഒപ്പ് വച്ചു. ന്യൂനപക്ഷ മന്ത്രാലയവും ഐ.ഐ.ടി പാലക്കാടും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയായി. 2047 ൽ ഭാരതത്തെ വികസിത രാജ്യമാക്കുക എന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തിന് വേഗം പകരുന്നതാണ് രാജ്യത്ത് നടപ്പാക്കുന്ന നൈപുണ്യ പരിശീലന പരിപാടികളെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിൽ മൂന്ന് സാങ്കേതിക സ്ഥാപനങ്ങളിലായി 1500 ലധികം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

## ബയോ കണക്ട് കോൺക്ലേവ്

ലൈഫ് സയൻസ് മേഖലയിൽ കൂടുതൽ നിക്ഷേപവും തൊഴിലവസരവും ഉറപ്പാക്കാനായി വ്യവസായവകുപ്പ് സംഘടിപ്പിക്കുന്ന ബയോ കണക്ട് കോൺക്ലേവ് മൂന്നാം പതിപ്പിന് നാളെ തുടക്കമാകും. 200 കോടിയോളം രൂപയുടെ നിക്ഷേപമാണ് കോൺക്ലേവിൽ പ്രതീക്ഷിക്കുന്നത്. 60 കമ്പനികളുടെ പ്രതിനിധികൾ ഇന്ന് ലൈഫ് സയൻസസ് പാർക്ക് സന്ദർശിക്കും. തുടർന്ന് വ്യവസായ മന്ത്രി പി. രാജീവുമായി കൂടിക്കാഴ്ച നടത്തും. നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&

## വിഷൻ - 2031

സംസ്ഥാന രൂപീകരണത്തിൻറെ 75-ാം വാർഷികമായ 2031 ൽ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ പൊതു വിദ്യാഭ്യാസവകുപ്പ് വിഷൻ

RNUTVPM

2031 എന്ന പേരിൽ സെമിനാർ സംഘടിപ്പിക്കും. 13 ന് രാവിലെ 10 ന് ടാഗോർ തിയറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷനാകും.

&&&&&&&&&&&&&&&

**<u>മരുന്ന് നിരോധിച്ചു</u>**

മരുന്നുകളുടെ ഗുണനിലവാരത്തിൽ കർശന നടപടിയുമായി സംസ്ഥാന ആരോഗ്യവകുപ്പ്. രണ്ട് കമ്പനികളുടെ മരുന്നുവിൽപ്പന നിർത്തിവയ്പ്പിച്ചതായി മന്ത്രി വീണാ ജോർജ് പറഞ്ഞു.തമിഴ്നാട്ടിലെയും ഗുജറാത്തിലെയും രണ്ട് കമ്പനികളുടെ മരുന്നുവിൽപ്പനയാണ് നിർത്തിവയ്പ്പിച്ചത്.

&&&&&&&&&&&&&&&

**<u>വന്യജീവി വാരാഘോഷം</u>**

തിരുവനന്തപുരം മ്യൂസിയം മൃഗശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വന്യജീവി വാരാഘോഷത്തിന്റെ സമാപന സമ്മേളനം മന്ത്രി ജെ ചിഞ്ചുറാണി ഇന്ന് ഉദ്ഘാടനം ചെയ്യും. ഈ മാസം രണ്ടിന് ആരംഭിച്ച വാരാഘോഷത്തിൻറെ ഭാഗമായി സംഘടിപ്പിച്ച മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും ചടങ്ങിൽ നടക്കും.

RNU TVPM

&&&&&&&&&&&&&&&

**<u>ക്രിക്കറ്റ്</u>**

ഐസിസി വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഓസ്ട്രേലിയ പാകിസ്ഥാനെ നേരിടും. ഉച്ചയ്ക്ക് മൂന്നിന് കൊളംബോയിലാണ് മത്സരം. ഇന്നലെ ഗുവാഹത്തിയിൽ നടന്ന മത്സരത്തിൽ ബംഗ്ലാദേശിനെതിരെ ഇംഗ്ലണ്ട് നാല് വിക്കറ്റിന് വിജയിച്ചിരുന്നു.

&&&&&&&&&&&&&&&

**<u>ആകാശവാണി - അദ്ധ്യാപകർ - അപേക്ഷ</u>**

ആകാശവാണി തിരുവനന്തപുരം നിലയത്തിൽ വിദ്യാഭ്യാസ പരിപാടി അവതരിപ്പിക്കുന്നതിനായി അധ്യാപകരെ ക്ഷണിക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ താമസക്കാരായ, ഹൈസ്കൂൾ, ഹയർ

സെക്കൻഡറി തലങ്ങളിൽ പഠിപ്പിക്കുന്നതോ വിരമിച്ചതോ ആയ അധ്യാപകർക്കാണ് അവസരം.

&&&&&&&&&&&&&&&

## ഇ ഡി റെയ്ഡ്

മമ്മൂട്ടി, ദുൽഖർ സൽമാൻ, പൃഥ്വിരാജ് തുടങ്ങിയവരുടെ വീടുകളിൽ അടക്കം 17 ഇടങ്ങളിൽ ED റെയ്ഡ്. താരങ്ങൾ ഫെമ ചട്ടം ലംഘിച്ചതായാണ് സൂചന. പൃഥ്വിരാജ്, ദുൽഖർ സൽമാൻ, അമിത് ചക്കാലക്കൽ എന്നിവരുടെ എറണാകുളം, തൃശൂർ, കോഴിക്കോട്, മലപ്പുറം, കോട്ടയം, കോയമ്പത്തൂർ എന്നിവിടങ്ങളിലെ വസതികളും സ്ഥാപനങ്ങളും ഉൾപ്പെടെ 17 സ്ഥലങ്ങളിലാണ് റെയ്ഡ് നടന്നത്.

&&&&&&&&&&&&&&&

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 200പോയിൻറ് നഷ്ടത്തിൽ 81,727ലും നിഫ്റ്റി 96 പോയിൻറ് നഷ്ടത്തിൽ 25,011ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില കൂടി. പവന് 840 രൂപ കൂടി 90,320 രൂപയും ഗ്രാമിന് 105 രൂപ കൂടി 11,290 രൂപയുമാണ് ഇന്നത്തെ വില.

PJUTVPM

&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്ന് മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്ത് നിന്നും നാളെ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&&